പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1683 10.02.2020 ൽ മറുപടിയ്ക്ക്

## പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീമതി പി.അയിഷാ പോറ്റി | | മറുപടി<br>തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും അനുമതിക്കായി സമർപ്പിച്ചിട്ടുള്ള റോഡ് പ്രവൃത്തികളുടെ പേരുവിവരം ലഭ്യമാക്കാമോ; | (എ) | പി.എം.ജി.എസ്.വൈ.-III യിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതിക്കായി പ്രവൃത്തികൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. ഫെസിലിറ്റി സർവ്വേ നടപടികൾ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കാവുന്ന റോഡുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തി അന്തിമ ഘട്ടത്തിൽ ആണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ അനുമതി ലഭ്യമാക്കുന്നതിന്റെ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | ബ്ലോക്ക്തല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തി പൂർത്തീകരിച്ചു വരുന്നു. ആവശ്യമായ ജില്ലാതല, സംസ്ഥാനതല അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. മുൻഗണനാ ക്രമ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) | അനുമതി ലഭിച്ച് നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും നൽകാമോ? | (സി) | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ മാലയിൽ മലപ്പുറ്റൂർ വൈദ്യൻകുന്ന് റോഡ് നിലവിൽ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. അനുമതി ലഭിച്ച ശേഷം ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ